ഫയൽ നം : എ2/13/2025-റ്റിസി തിയതി : 07-05-2025

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നമ്പർ 15/2025**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ജീവനക്കാര്യം: 2025 വർഷത്തെ അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ പൊതു സ്ഥലമാറ്റം - അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന :-

1. സ.ഉ.(പി) നം. 03/2017/ഉ.ഭ.പ.വ തീയതി 25.02.2017
2. സ.ഉ.(അച്ചടി) നം. 05/2017/ഉ.ഭ.പ.വ തീയതി 24.04.2017
3. സ.ഉ.(എം എസ്) നം 18/2017/ഉ ഭ.പ.വ. തീയതി 29.08.2017
4. സ.ഉ.(കൈ) നം. 11/2018/ഉ.ഭ.പ.വ തീയതി 18.04.2018
5. സ.ഉ.(കൈ) നം. 10/2018/ഉ.ഭ.പ.വ തീയതി 05.04.2018
6. സ.ഉ.(കൈ) നം. 56/2018/ട്രാൻസ് തീയതി 24.09.2018
7. സ.ഉ.(കൈ) നം. 01/2019/ട്രാൻസ് തീയതി 04.01.2019
8. സ.ഉ.(കൈ) നം. 2/2021/ഉ.ഭ.പ.വ. തീയതി 03.02.2021
9. സ.ഉ.(സാധാ) നം. 155/2021/ഉ.ഭ.പ.വ തീയതി 21.10.2021
10. 09.05.2023 തിയ്യതിയിലെ സ.ഉ.(സാധാ) നം.173/2023/ഗതാഗതം
11. 29.04.2025 തിയ്യതിയിലെ സർക്കുലർ നമ്പർ 06/2025

സൂചന (11) സർക്കുലർ പ്രകാരം മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ ഒഴികെയുള്ള തസ്തികയിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ ചുവടെ ചേർക്കുന്ന പ്രകാരം പുറപ്പെടുവിക്കുന്നു.

**1.സമയക്രമം**

അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ 2025 വർഷത്തെ പൊതുസ്ഥലമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച സമയക്രമം ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | ജീവനക്കാർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നത് | 12.05.2025 | 17.05.2025 |
| 2 | ഓഫീസിൽ നിന്നും ഡിസ്ട്രിക്ട് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 14.05.2025 | 20.05.2025 |

| | | | |
|---|---|---|---|
| 3 | ഡിസ്ട്രിക്ട് ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 15.05.2025 | 21.05.2025 |

**2.അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലമാറ്റം.**

സേഫ് കേരള എൻഫോഴ്സ്മെൻ്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയ അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാർക്ക് (ഏപ്രിൽ 30 നിലയിൽ) ഓഫീസുകളിലേക്കും, ഓഫീസുകളിലെ അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാർക്ക് സേഫ് കേരള എൻഫോഴ്സ്മെൻ്റ് സ്ക്വാഡിലേക്കും, നിശ്ചിത കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്തവർക്ക് എൻഫോഴ്സ്മെൻ്റ് സ്ക്വാഡിലെ തന്നെ മറ്റ് ഓഫീസുകളിലേക്കും പൊതു സ്ഥലമാറ്റത്തിനുള്ള ഓപ്ഷൻ നൽകാവുന്നതാണ്.

മൂന്ന് വർഷം എൻഫോഴ്സ്മെൻ്റ് സേവനം പൂർത്തിയാക്കിയ അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ ഓഫീസുകളിലേക്കും ആനുപാതികമായി ഓഫീസുകളിൽ നിന്നും അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ എൻഫോഴ്സ്മെൻ്റിലേക്കും മാറ്റി നിയമിക്കുന്നതാണ്. ഇപ്രകാരം നിയമിക്കുമ്പോൾ നാളിതുവരെ എൻഫോഴ്സ്മെൻ്റ് ജോലി ചെയ്യാത്തവർക്ക് നിർബന്ധിത എൻഫോഴ്സ്മെൻ്റ് സേവനം ബാധകമാക്കുന്നതാണ്.

സേഫ് കേരള എൻഫോഴ്സ്മെൻ്റ് സ്ക്വാഡിലെ അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ എൻഫോഴ്സ്മെൻ്റ് സ്ക്വാഡ് ഒഴികെയുള്ള ഓഫീസുകളിലേക്ക് അപേക്ഷിക്കുമ്പോൾ ടി ഉദ്യോഗസ്ഥർ എൻഫോഴ്സ്മെൻ്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയിട്ടുണ്ട് (ഏപ്രിൽ 30 നിലയിൽ ) എന്ന് ഓഫീസ് മേധാവിമാർ ഉറപ്പാക്കേണ്ടതും നിശ്ചിത സേവന കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ അപേക്ഷകൾ ഓഫീസ് മേധാവി /ഡിസ്ട്രിക്ട് ഓഫീസ് മേധാവി നിരസിക്കേണ്ടതുമാണ്. ഇത്തരത്തിൽ അയോഗ്യമായ അപേക്ഷകൾ ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുവാൻ പാടുള്ളതല്ല. ടി വ്യവസ്ഥ ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഓഫീസ് മേധാവി / ഡിസ്ട്രിക്ട് ഓഫീസ് മേധാവിമാരിൽ നിക്ഷിപ്തമായിരിക്കും.

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലമാറ്റത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം (സൂചന 1) മുൻഗണന അർഹിക്കുന്ന ഉദ്യോഗസ്ഥർ ആയത് അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മുൻഗണന ഇളവ് ലഭ്യമാകുന്നതല്ല.

Signed by
Chakilam Nagaraju
Date: 07-05-2025 19:40:16

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

സ്വീകർത്താവ് :-

1.എല്ലാ ഡിറ്റിസിമാർക്കും
2. എല്ലാ ആർ ടി ഒ മാർക്കും
3. എല്ലാ എൻഫോഴ്സ്മെൻ്റ് ആർ ടി ഒ മാർക്കും
4.എല്ലാ ജോയിൻ്റ് ആർ ടി ഒ മാർക്കും

പകർപ്പ് : -

1.എസ് എസ് ജി സെൽ -വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി
2.ബഹു:ട്രാൻസ്പോർട്ട് കമ്മീഷണർ,അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ,ജോയിൻ്റ് ട്രാൻസ്പോർട്ട് കമ്മീഷണർ,സീനിയർ ഡിറ്റിസി (ടാക്സ്) ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,സീനിയർ ഫിനാൻസ് ഓഫീസർ,സീനീയർ ലാ ഓഫീസർ എന്നിവരുടെ സി എ മാർക്ക്.